# SULEKHA FAQ (PLAN MONITORING SYSTEM)

1. തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവി സ്ഥലം മാറി വരുമ്പോൾ യൂസർ നെയിം, പാസ്‌വേഡ് എവിടെ നിന്നാണ് ലഭിക്കുന്നത്?

ഗ്രാമപഞ്ചായത്ത് - ഡിഡിപി
ബ്ലോക്ക് പഞ്ചായത്ത് - എഡിസി (ജനറൽ)
മുനിസിപാലിറ്റി/കോർപറേഷൻ - നഗരകാര്യ ഡയറക്ടർ
ജില്ലാ പഞ്ചായത്ത് - പഞ്ചായത്ത് ഡയറക്ടർ
(സ.ഉ.(ആർ.ടി) 324/2014/തസ്വഭവ Dated 05/02/2014)

2. തദ്ദേശ സ്വയം ഭരണ സെക്രട്ടറി ആർക്കൊക്കെ യൂസർ നെയിം ക്രിയേറ്റ് ചെയ്ത് നൽകണം?

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിലുള്ള ഇംപ്ലിമെൻറിംഗ് ഓഫീസർമാർക്കും.

3. ഗ്രാമ, ബ്ലോക്ക്, മുനിസിപ്പാലിറ്റി വെറ്റിംഗ് ഓഫീസർക്കുള്ള ലോഗിൻ എവിടെ നിന്ന് ലഭിക്കും?

ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും അനുവദിച്ച് നൽകുന്നു.

4. ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ വെറ്റിംഗ് ഓഫീസർക്കുള്ള ലോഗിൻ എവിടെ നിന്ന് ലഭിക്കും?

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
(സ.ഉ(ആർ.ടി) 324/2014/തസ്വഭവ Dated 05/02/2014)

5. പുതിയ പ്രോജക്ട് എങ്ങനെയാണ് എന്റർ ചെയ്യുന്നത്?

- ഇപ്ലിമെന്റിംഗ് ഓഫീസർ ലോഗിനിൽ പ്രോജക്ട് മെനുവിൽ നിന്നും ന്യൂ പ്രോജക്ട് സെലക്ട് ചെയ്യുക. ഫോം തെരഞ്ഞെടുത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി റിപ്പോർട്ട് ജനറേറ്റ് ചെയ്യുക.
- അതിന് ശേഷം എൽബി -ക്ക് ഫോർവേർഡ് ചെയ്യുക.
- എൽബി-യിൽ പഞ്ചായത്ത് തീരുമാനങ്ങൾ രേഖപ്പെടുത്തുക.
- മുഴുവൻ പ്രോജക്ടുകൾക്കും പഞ്ചായത്ത് തീരുമാനം രേഖപ്പെടുത്തിയ ശേഷം വാലിഡേഷൻ കൃത്യമാക്കി ഡിപിസിക്ക് ഫോർവേഡ് ചെയ്യാവുന്നതാണ്.

6. ഒരു പ്രോജക്ട് എത്ര പ്രാവശ്യം ഭേദഗതി ചെയ്യാം?

സർക്കാർ നിർദ്ദേശ മനുസരിച്ച് ഭേദഗതി ചെയ്യാവുന്നതാണ്.

7. പദ്ധതി രൂപീകരണത്തിൽ ഉൽപാദന മേഖലയിൽ എത്ര ശതമാനമാണ് വകയിരുത്തേണ്ടത്?

- ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30%
- മുനിസിപാലിറ്റികളും കോർപ്പറേഷനുകളും പൊതുവിഭാഗം വികസന ഫണ്ടിന്റെ 10%

8. നിർബന്ധിത വകയിരുത്തലുകൾക്ക് എപ്രകാരമാണ് തുക കണ്ടെത്തുന്നത്?

- വനിത ഘടക പദ്ധതി - 10% (ജനറൽ + എസ്.സി.പി + ടി.എസ്.പി) ഫണ്ടുകൾ.
- ശിശുക്കൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗവിഭാഗം - 5% (ജനറൽ + എസ്.സി.പി + ടി.എസ്.പി) ഫണ്ടുകൾ.
- വൃദ്ധർ, പാലിയേറ്റീവ് കെയർ - 5 % (ജനറൽ + എസ്.സി.പി + ടി.എസ്.പി) ഫണ്ടുകൾ.
- മാലിന്യ സംസ്കരണം - പൊതുവിഭാഗം വികസന ഫണ്ടിന്റെ 10%

9. ഭരണ സമിതി അംഗീകരിക്കുകയും ഡി പി സി അംഗീകരിക്കുകയും ചെയ്ത പ്രോജക്ടിന്റെ പേര് മാറ്റുവാൻ സാധിക്കുമോ?

ഇല്ല. ആ പ്രോജക്ട് ഉപേക്ഷിച്ച്, പുതിയ പ്രോജക്ടായി തയ്യാറാക്കണം.